പതിമൂന്നാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2270**

18-03-2015 ൽ മറുപടിക്ക്

## മൂടാടി കെൽട്രോൺ യൂണിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. ദാസൻ** | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മൂടാടി കെൽട്രോൺ യൂണിറ്റിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ വിശദീകരിക്കമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മൂടാടി കെൽട്രോൺ യൂണിറ്റിനെ ട്രാൻസ്മിഷൻ എക്യൂപ്മെന്റ് യൂണിറ്റിൽ നിന്നും എൽഇഡി ലൈറ്റുകൾ നിർമ്മിക്കുന്ന കെൽട്രോൺ ലൈറ്റിങ്ങ് ഡിവിഷനായി നവീകരിക്കുകയുണ്ടായി. എൽഇഡി ലൈറ്റുകളുടെ നിർമ്മാണത്തിനും ഗുണപരിശോധനയ്ക്കുമായി മികച്ച യന്ത്രസാമഗ്രികളും മറ്റും മൂടാടി യൂണിറ്റിൽ സ്ഥാപിച്ചു. വർഷങ്ങളായി കൺസ്യൂമർ ഇലക്ട്രോണിക്സ് രംഗത്ത് നിന്നും വിട്ടു നിന്ന കെൽട്രോൺ, മൂടാടി യൂണിറ്റിൽ നിന്നുമുള്ള എൽഇഡി ലൈറ്റുകളുടെ നിർമ്മാണത്തോടെ കൺസ്യൂമർ ഇലക്ട്രോണിക്സ് വിപണിയിൽ തിരിച്ചു വരവ് നടത്തി. മികച്ച ഗുണനിലവാരമുള്ള വിവിധ ശ്രേണിയിലുള്ള എൽഇഡി ലൈറ്റുകൾ കെൽട്രോൺ മൂടാടി യൂണിറ്റിൽ നിന്നും വിപണിയിൽ വിൽപ്പനയ്ക്ക് എത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മൂടാടി യൂണിറ്റിന്റെ വികസനവുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള നിവേദനം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എന്തെല്ലാം പുതിയ പദ്ധതികളാണ് ഇവിടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | വിവിധ ശ്രേണിയിലുള്ള എൽഇഡി ലൈറ്റുകളുടെ (ട്യൂബ് ലൈറ്റുകൾ, ബൾബുകൾ, ഡൗൺ ലൈറ്റുകൾ, ലാൻടേൺ ലൈറ്റ്, സ്ട്രീറ്റ് ലൈറ്റ്) ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ മിതമായ വിലയിൽ ഗുണനിലവാരവുമുള്ള എൽഇഡി ലൈറ്റുകൾ വിപണിയിലെത്തിക്കാൻ പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ